സുപ്രഭാതം 07 June 2023

# അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസ് കൊച്ചിയിൽ

## ഇന്ത്യയിൽ നിന്നും വിദേശത്തുനിന്നുമായി 1500ലേറെ പ്രതിനിധികൾ പങ്കെടുക്കും

കൊച്ചി • ഡൽഹിയിലെ നാഷനൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ സയൻസ് (നാസ്) സംഘടിപ്പിക്കുന്ന 16ാമത് അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസ് കൊച്ചി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) നടക്കും. ഒക്ടോബർ 10 മുതൽ 13 വരെ ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കാർഷിക ഭക്ഷ്യസംവിധാനങ്ങളുടെ പരിവർത്തനം എന്ന പ്രമേയത്തിലാണ് സമ്മേളനം നടക്കുക.

സമ്മേളനത്തിൽ പ്രമുഖ ഗവേഷകർ, അക്കാദമിക് വിദഗ്ധർ, വിദ്യാർഥികൾ, കർഷകർ, സംരംഭകർ തുടങ്ങിയവർ കാർഷികാനുബന്ധ മേഖലകളിലെ കണ്ടെത്തലുകളും ആശയങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കും. ഭക്ഷ്യപോഷക സുരക്ഷ, കാലാവസ്ഥാവ്യതിയാനം, കാർഷിക ഉൽപാദന വ്യവസ്ഥ, ഉൽപന്നങ്ങൾ, ജനിതകസാങ്കേതികവിദ്യകൾ, മൃഗസംരക്ഷണം, ഹോർട്ടികൾച്ചർ, അക്വാകൾച്ചർ, മത്സ്യബന്ധനം, പുത്തൻ സാങ്കേതികവിദ്യകൾ, നയരൂപീകരണം തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകളുണ്ടാകും.

ഇന്ത്യയിൽ നിന്നും വിദേശത്തുനിന്നുമായി 1500ലേറെ പ്രതിനിധികൾ പങ്കെടുക്കും. സർക്കാർസ്വകാര്യ മേഖലകളിലെ ഗവേഷണ സ്ഥാപനങ്ങളുടെയും സർവകലാശാലകളുടെയും മറ്റും നൂതന കാർഷിക സാങ്കേതികവിദ്യകൾ അഗ്രി എക്സ്പോയിൽ പ്രദർശിപ്പിക്കും. സമ്മേളനത്തിൽ നടക്കുന്ന പ്രസംഗമത്സരത്തിൽ കാർഷിക സർവകലാശാലകളിലെ വിദ്യാർഥികൾക്ക് പങ്കെടുക്കാം. രജിസ്റ്റർ ചെയ്യുന്നതിനും മറ്റു വിവരങ്ങൾക്കും വെബ്സൈറ്റ് സന്ദർശിക്കുക (www.16asc2023.in). ഇ മെയിൽ – 16asc2023@gmail.com.